"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല – ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) മുൻ സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2254/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 02/12/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 26.02.2015-ലെ ഡി5-1716/2015 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 24.06.2015-ലെ ഡി5-1716/2015 നമ്പർ നടപടിക്രമങ്ങൾ

3 സർക്കാരിന്റെ 01.01.2016-ലെ 73164/ഇപിബി2/2014/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. ഒ.എസ്. വീരേന്ദ്രൻ സമർപ്പിച്ച 24.06.2016-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 04.02.2019-ലെ PAN/23422/2018-D5(DP) നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി പാസാക്കിയ 27.06.2013-ലെ IV-ാം നമ്പർ തീരുമാനവും 25.07.2013-ലെ VII(I)-ാം നമ്പർ തീരുമാനവും സർക്കാരിൽ യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതിനും പിന്നീട് യഥാസമയം ടി തീരുമാനത്തിന്മേൽ നിയമപരമായ തീരുമാനം കൈക്കൊള്ളാതിരുന്നതിനാൽ കെട്ടിട ഉടമയ്ക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ വഴിയൊരുക്കുകയും അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലവിലുണ്ടായിരുന്ന കേസ് തോൽക്കുവാനും ഇടയായതിനാൽ ആയതിന് ഉത്തരവാദിയായ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരെ ചുവടെ ചേർക്കുന്ന കുറ്റങ്ങൾ മുൻനിർത്തി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചു

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ കുനാനിക്കൽ വീട്ടിൽ പ്രോത്താസീസ് മകൻ റെജിമോൻ പ്രോത്താസീസ് എന്നയാൾ ടിയാന്റെ ഉടമസ്ഥതയിലുള്ള ഏറ്റുമാനൂർ വില്ലേജിൽ സർവ്വേ നം. 11/07-ൽ പ്പെട്ട 2.05 ആർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന VII/988 നമ്പർ പഴയ കെട്ടിടം പൊളിച്ചുമാറ്റി എം.സി. റോഡിൽ നിന്നും 0.65 മീറ്റർ മാത്രം അകലം പാലിച്ചും കെട്ടിടത്തിന്റെ തെക്കുപടിഞ്ഞാറുമുള്ള മറ്റ് രണ്ട് വശങ്ങളും അതിരിനോട് ചേർത്തും കോൺക്രീറ്റ് തൂണുകൾ വാർക്കുകയും മേൽക്കൂര വാർക്കുകയും തുടർന്ന് അടുത്ത നിലയ്ക്കായി 1 9 തൂണുകൾ വാർക്കുകയും ചെയ്തിരുന്നു. ടി കെട്ടിടത്തിന്റെ അനധികൃത നിർമ്മാണത്തെ സംബന്ധിച്ച് പരാതി ലഭിച്ചതിനെത്തുടർന്ന് 04.10.2012-ൽ എ1-30/11 നമ്പറായി ടി കക്ഷിക്ക് പഞ്ചായത്ത് സെക്രട്ടറി കേരള പഞ്ചായത്ത് രാജ് ആക്ട് 235-ാം വകുപ്പ് പ്രകാരമുള്ള താത്കാലിക നോട്ടീസ് നൽകുകയും, തുടർന്ന് 06.12.2012-ൽ ടി വകുപ്പ് പ്രകാരം സ്ഥിരീകരണ ഉത്തരവും നൽകി. എന്നാൽ സെക്രട്ടറിയുടെ ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതല്ലാത്തതിനാൽ സെക്രട്ടറി പുറപ്പെടുവിച്ച 06.12.2012-ലെ ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ റദ്ദാക്കുകയും ശരിയായ നടപടിക്രമം പാലിച്ച്

പുതുതായി നടപടി സ്വീകരിക്കാവുന്നതാണെന്ന് ഉത്തരവാകുകയും ചെയ്തു.

ബഹു. ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ സെക്രട്ടറി 21.05.2013-ൽ കേരള പഞ്ചായത്ത് രാജ് ആക്ട് 235 (1) വകുപ്പ് പ്രകാരം നൽകിയ താത്കാലിക ഉത്തരവിനെതിരെ ശ്രീ. റെജിമോൻ പ്രോത്താസീസ് പഞ്ചായത്ത് പ്രസിഡന്റിനു നൽകിയ അപേക്ഷ 18.06.2013-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും അപേക്ഷ സംഗതികൾ പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ മെമ്പർ ശ്രീ. ജോർജ്ജ് പുല്ലാട് ചെയർമാനായി 5 അംഗങ്ങളടങ്ങുന്ന ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചു. ടി സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 27.06.2013-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും നിലവിലെ കെട്ടിടം ബലപ്പെടുത്തുന്നതിനായിട്ടുള്ള നിർമ്മാണത്തിന്റെ മുൻവശം KSTP അധികൃതർ സ്ഥാപിച്ചിരുന്ന കല്ലിന്റെ അതിർത്തിയിൽ നിന്നും 3 മീറ്ററും, പഴയ എം.സി.റോഡിൽ നിന്നും 1.2 മീറ്ററും അകലം പാലിക്കണമെന്നും, മറ്റ് 2 വശങ്ങളിലും നിലവിലുള്ള കെട്ടിടത്തിന്റെ ഭിത്തി നിലനിൽക്കുന്നതിനാലും ശ്രീ. റെജിമോന് പൊളിച്ചുമാറ്റാൻ അവകാശമില്ലാത്തതിനാൽ ടി വ്യക്തികളുടെ രേഖാമൂലമുള്ള സമ്മതത്തോടുകൂടി നിർമ്മാണം നടത്തുന്നതിനും, പഴയ കെട്ടിട ഭാഗങ്ങൾക്ക് ബലക്ഷയം ഉണ്ടാകാതെ പുതിയ പില്ലറുകൾ സ്ഥാപിച്ചതിനുശേഷം മാത്രം അനധികൃതമായി നിർമ്മിച്ചിരിക്കുന്ന പില്ലറുകൾ പൊളിച്ചു മാറ്റാവൂ എന്ന നിബന്ധനയിൽ അനുമതി നൽകുവാനും, ടി പ്രവർത്തനങ്ങൾ ടി സബ്കമ്മിറ്റിയുടെ സാന്നിദ്ധ്യത്തിൽ മാത്രമേ ആരംഭിക്കാവൂ എന്നും തീരുമാനിച്ചു. ഈ തീരുമാനത്തോട് സെക്രട്ടറി വിയോജിച്ചു എന്ന് മാത്രം പ്രസ്തുത തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറി ടി പഞ്ചായത്ത് തീരുമാനത്തോട് വിയോജിക്കുന്നതിനുള്ള യാതൊരു കാരണവും രേഖപ്പെടുത്തിയിട്ടില്ലെന്നു മാത്രമല്ല ടി കമ്മിറ്റി തീരുമാന പ്രകാരം അനുമതി നൽകുന്നത് കെട്ടിട ഉടമയെ അറിയിച്ചുകൊണ്ട് 04.07.2013-ലെ എ1-30/11-ാം നമ്പർ പ്രകാരം കത്ത് നൽകുകയുമുണ്ടായി.

പഞ്ചായത്ത് കമ്മിറ്റിയുടെ 27.06.2013-ലെ തീരുമാന പ്രകാരം കെട്ടിട ഉടമ ശ്രീ. റെജിമോൻ പ്രോത്താസീസ് അനധികൃത നിർമ്മാണം പൊളിച്ചു മാറ്റിയെന്നും, സബ്കമ്മിറ്റിയുടെ വാക്കാലുള്ള നിർദ്ദേശമനുസരിച്ച് 3 നിലകളിലായി കെട്ടിടം പണിയുന്നതിന് പെർമിറ്റിന് അപേക്ഷിച്ചതായും എന്നാൽ നിലവിലുള്ള കെട്ടിടം ബലപ്പെടുത്തുന്നതിൽ മാത്രമാണ് അനുമതി നൽകിയതെന്നും മുകളിലെ നിലകൾ നിർമ്മിക്കുന്നതിന് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ട പ്രകാരം മാത്രമേ അനുമതി നൽകുവാൻ സാധിക്കുകയുള്ളു എന്ന് സെക്രട്ടറി കമ്മിറ്റിയിൽ അറിയിച്ചിരുന്നുവെന്നും, ആയതിനെ കമ്മിറ്റി അംഗങ്ങൾ ഒന്നടങ്കം എതിർത്തുവെന്നും, എന്നാൽ ഇപ്രകാരം പെർമിറ്റ് നൽകുകയാണെങ്കിൽ സർക്കാരിൽ നിന്നും മറ്റ് അനുബന്ധ വകുപ്പുകളിൽ നിന്നും ഉണ്ടാകാവുന്ന എല്ലാവിധ നിയമ നടപടികൾക്കും കമ്മിറ്റി മാത്രമായിരിക്കും ഉത്തരവാദി എന്ന് സെക്രട്ടറി പറഞ്ഞതായും, ആയത് ഏറ്റെടുക്കാൻ കമ്മിറ്റി തയ്യാറാണെന്ന് ഐക്യകണ്ഠേന പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായും, ആയത് പ്രകാരം പെർമിറ്റ് നൽകാമെന്ന് സെക്രട്ടറി സമ്മതിച്ചതായും 23.07.2013-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ VII (1) -ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയതായി കാണുന്നു.

പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കിയ 27.06.2013-ലെ IV നമ്പർ തീരുമാനവും 23.07.2013-ലെ VII (1) നമ്പർ തീരുമാനവും സർക്കാരിലേക്ക് അയക്കുന്നതിൽ വീഴ്ച വരുത്തുകയും 23.07.2013-ലെ VII (1) നമ്പർ തീരുമാനം നിയമപരമല്ലെന്ന് അഭിപ്രായപ്പെട്ട ശേഷം പെർമിറ്റ് നൽകാമെന്ന് അതേ തീരുമാനത്തിൽ രേഖപ്പെടുത്തുകയും ഉണ്ടായി. ഇപ്രകാരം കമ്മിറ്റി പാസ്സാക്കിയ തീരുമാനം നിയമപരമല്ലെങ്കിൽ ആയത് റദ്ദാക്കാൻ താമസംവിനാ ടി തീരുമാനം സർക്കാരിലേക്ക് റെഫർ ചെയ്യുന്നതിന് പകരം ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമയോടു പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അനുമതി നൽകുന്നതായി 04.07.2013-ലെ എ1-30 /11 നമ്പർ കത്ത് പ്രകാരം അറിയിച്ചതായി കാണുന്നു.

കെട്ടിട നിർമ്മാണ അനുമതി നൽകലും, അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നിയമ നടപടി സ്വീകരിക്കലും

സെക്രട്ടറിയുടെ സ്റ്റാറ്റ്യൂട്ടറി ചുമതലയായതിനാൽ ആയതിൽ പഞ്ചായത്തോ, പ്രസിഡന്റോ, അംഗങ്ങളോ ഇടപെടുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 185 (ബി) വകുപ്പ് പ്രകാരം വിലക്ക് കല്പിച്ചിട്ടുള്ളതാണ്. കൂടാതെ ടി ആക്റ്റ് 235 പ്രകാരം സെക്രട്ടറി അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ സ്വീകരിക്കുന്ന നിയമനടപടികൾക്കെതിരെ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷകൾ സ്വീകരിക്കാനും, അതിന്മേൽ എന്തെങ്കിലും തീരുമാനം എടുക്കാനും, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 276 (1) 276 (4) വകുപ്പുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം നൽകിയിട്ടില്ല. അതിനാൽ ടി അനധികൃത നിർമ്മാണം തടയുന്നതിന് സെക്രട്ടറി 21.05.2013-ൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 (1)-ാം വകുപ്പ് പ്രകാരം കെട്ടിട ഉടമക്ക് നൽകിയ താത്കാലിക ഉത്തരവിനെതിരെ കെട്ടിട ഉടമ പഞ്ചായത്തിന് നൽകിയ 27.05.2013-ലെ അപേക്ഷ 18.06.2013-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി പരിഗണിച്ചത് നിയമപരമല്ല.

ഇപ്രകാരം പഞ്ചായത്ത് കമ്മിറ്റി 27.06.2013, 23.07.2013 എന്നി തീയതികളിൽ പാസാക്കിയ തീരുമാനങ്ങൾ നിയമപരമല്ലെങ്കിൽ ആയത് റദ്ദാക്കാൻ സർക്കാരിലേക്ക് റെഫർ ചെയ്യുന്നതിന് പകരം 23.07.2013-ലെ VII (1) നമ്പർ തീരുമാനം നിയമപരമല്ലെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ട ശേഷം പെർമിറ്റ് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തത് മൂലം കെട്ടിട നിർമാണം പൂർത്തീകരിക്കുവാൻ കെട്ടിട ഉടമയ്ക്ക് സഹായകരമാകുകയും, ബഹു. ട്രിബ്യൂണലിൽ പിന്നീട് കേസ് തോൽക്കാൻ കാരണമാകുകയും ചെയ്തു.

ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.05.2015-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരെ കെ.സി.എസ്.(സി.സി.&എ) പ്രകാരമുള്ള നടപടികൾ തുടരുന്നതിന് സാധ്യമല്ലാത്തതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ശ്രീ. ഒ.എസ്.വീരേന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 5 വർഷത്തെയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഒ.എസ്. വീരേന്ദ്രൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഒ.എസ്. വീരേന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/ രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) മുൻ സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 1 5 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

   (പരാമർശം 2, 3, 4 എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ഒ.എസ്. വീരേന്ദ്രൻ, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ)

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. സെക്രട്ടറി, ഏറ്റുമാനൂർ നഗരസഭ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/92/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.12.02 12:02:51 IST
Reason: Approved

സെക്ഷൻ ഓഫീസർ